**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- "മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി" [Chief Minister's Local Roads Rebuild Project (CMLRRP)] മാർഗ്ഗ നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.818/2020/തസ്വഭവ — തിരുവനന്തപുരം, തീയതി: 04/05/2020

പരാമർശം:- 1. 09.01.2020 തീയതിയിലെ സ.ഉ (കൈ) നം.13/2020/ ത.സ്വ.ഭ.വ ഉത്തരവ്
2. 18.03.2020 തീയതിയിലെ സ.ഉ (കൈ) നം.49/2020/ ത.സ്വ.ഭ.വ ഉത്തരവ്
3. 04.05.2020 തീയതിയിലെ സ.ഉ (കൈ) നം.71/2020/ ത.സ്വ.ഭ.വ ഉത്തരവ്

<u>**ഉത്തരവ്**</u>

2018, 2019 ലെ പ്രളയത്തിലും മഴമൂലമുണ്ടായ വെള്ളപ്പൊക്കത്തിലും തകർന്ന തദ്ദേശ റോഡുകളുടെ പുനരുദ്ധാരണത്തിന് "മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി" [Chief Minister's Local Roads Rebuild Project (CMLRRP)] എന്ന പേരിൽ ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതിനായി 961.264 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി (CMDRF)യിൽ നിന്നും പരാമർശം (1) ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടമായി 2011 പ്രവർത്തികൾക്കായി 354,59,31,290/- രൂപയ്ക്ക് പരാമർശം 2 പ്രകാരവും, 388,43,09,090/- രൂപയ്ക്ക് പരാമർശം 3 പ്രകാരവും ഭരണാനുമതി നൽകിയിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയുടെ മേൽനോട്ടത്തിനായി പഞ്ചായത്ത്/ നഗരസഭ തലത്തിൽ പഞ്ചായത്ത് പ്രതിനിധികൾ/ വാർഡ് കൗൺസിലർമാർ എന്നിവരുടെ നേതൃത്വത്തിൽ ഒരു സമിതിയും ജില്ലാതലത്തിൽ ഒരു സൂപ്രണ്ടിങ് എഞ്ചിനീയർ (റിട്ടയർഡ്), ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൂടാതെ അതാത് തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുവാനും പരാമർശം 1 പ്രകാരം ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്ഥാപനതലത്തിലെ സമിതി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം രൂപീകരിക്കേണ്ടതും, ജില്ലാതല ടെക്നിക്കൽ കമ്മിറ്റി ചീഫ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി) യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ രൂപീകരിക്കേണ്ടതുമാണ്.

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾ കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പദ്ധതിയുടെ പ്രോജക്ടുകൾക്ക് സർക്കാർ തലത്തിൽ അംഗീകാരം നൽകുന്നതിനാൽ ഡി പി സി യുടെ അംഗീകാരം ആവശ്യമില്ല .
2. പ്രവൃത്തികളുടെ വിവരം സുലേഖ സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതില്ല . പദ്ധതിയുടെ ഓൺലൈൻ മോണിറ്ററിംഗിന് ഐ.കെ.എം. ഒരു സോഫ്റ്റ് വെയർ വികസിപ്പിക്കണം.
3. MLASDF/MLAADS/Flood എന്നീ പദ്ധതിയിൽ സാങ്കേതിക അനുമതി നൽകുന്ന രീതി CMLRRP യിലും സ്വീകരിക്കേണ്ടതാണ് . പ്രൈസ് സോഫ്റ്റ് വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ് .
4. രണ്ട് പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന ഗ്രാമീണ റോഡുകളുടെ നിർവഹണം ബ്ലോക്ക് പഞ്ചായത്ത് മുഖേനയും ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡുകളുടെ നിർമ്മാണം ജില്ലാപഞ്ചായത്ത് മുഖേനയും നടത്തേണ്ടതാണ് .
5. പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥൻ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ AE/AEE/EE/SE എന്നിവർ ആയിരിക്കും .

6. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ (റിട്ടയേർഡ്), തദ്ദേശ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരെ ചേർത്ത് രൂപീകരിക്കുന്ന ടെക്നിക്കൽ കമ്മിറ്റിക്കായിരിക്കും പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പാക്കുന്ന ചുമതല.

7. പ്രവൃത്തികൾക്കുള്ള സാങ്കേതികാനുമതി തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട എഞ്ചിനീയർമാർ അവരവരുടെ ഡെലിഗേറ്റഡ് പവർ അനുസരിച്ച് നിർവ്വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**കെ.ബിജു.ഐ.എ.എസ്,**

**സ്പെഷ്യൽ സെക്രട്ടറി**

ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ ,തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
അക്കൗണ്ടന്റ് ജനറൽ, (എ&ഇ / ആഡിറ്റ്/എൽബിഎ &എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പൊതുഭരണ(എസ്.സി)വകുപ്പ്
ധനകാര്യ വകുപ്പ്.
റവന്യൂ (ഡി.ആർ.എഫ്) വകുപ്പ്.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
എക്സി. ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

S. Bindu

സെക്ഷൻ ഓഫീസർ

<u>പകർപ്പ്</u>
ബഹു മുഖ്യമന്ത്രിയുടെ പി.എസ്സിന്
ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സിന്.